**File No.TCPCTP/2447/2019-D1**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - വയനാട് ജില്ല - പനമരം ഗ്രാമപഞ്ചായത്ത് - പനമരം വില്ലേജ് പെട്രോളിയം ഔട്ട്ലെറ്റ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പനമരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/09/2019, 05/12/19 തീയതികളിലെ A2/5161/19 നമ്പർ കത്തുകൾ

2. വയനാട് ടൗൺ പ്ലാനറുടെ 15/10/19 TCPWYD/829/19-C,നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2447/19-D1 തീയതി:**24/01/2020**

---

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പനമരം വില്ലേജിൽ റീ സർവ്വേ നമ്പർ 276/16, 19, 26(പഴയ സർവ്വേ നമ്പർ 276/2.3)ൽ പ്പെട്ട 0.1532 ഹെക്ടർ സ്ഥലത്ത് ഉൾപ്പെട്ട 0.1214 ഹെക്ടർ സ്ഥലത്ത് Group-I Hazardous Occupancy-ൽ പ്പെട്ട (Sales Building 19.4sq.m+ Canopy area= 238 sq.m) പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. അബ്ദുൾ ഷുക്കൂർ എ.കെ, തളിപ്പറമ്പിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ- ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. ബഹു: ഹൈക്കോടതിയിലുള്ള WP(c) 2330/18 എന്ന കേസിന്റെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ അനുമതി നൽകുവാൻ പാടുള്ളൂ.
2. നിർമ്മാണം കെ.പി.ബി.ആർ.2011-ലേയും അനുബന്ധ ഭേദഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
3. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, മറ്റ് സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന അളവുകൾ എന്നിവയുടെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
4. ഭൂഗർഭ ടാങ്കിന്റെ നിർമ്മാണം കേരള പെട്രോളിയം റൂൾസ് 1976 ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്.
5. പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണം സംബന്ധിച്ച് ബഹു ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം നിർമ്മാണം.

6. നിർമ്മാണത്തോട് അനുബന്ധിച്ച് മാലിന്യ നിർമാർജ്ജനം, മലിനജല സംഭരണം-സംസ്കരണം-പുനരുപയോഗം എന്നിവയ്ക്ക് സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
7. നിർമ്മാണത്തിന് അപേക്ഷകന്റെ പേരിലുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് , സംസ്ഥാന അഗ്നിസുരക്ഷാ വകുപ്പ്, എക്സ്പ്ലോസീവ് വകുപ്പ് എന്നിവരിൽ നിന്നുള്ള നിരാക്ഷേപപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.
8. നിർമ്മാണ സ്ഥലം മണ്ണിട്ട് നികത്തുന്നതിന് ആവശ്യമായ അനുമതികൾ വാങ്ങിയിരിക്കേണ്ടതാണ്. കൂടാതെ തൊട്ടടുത്ത കൽവെർട്ടിലൂടെയുള്ള സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കേണ്ടതാണ്.
9. നിർമ്മാണസ്ഥലം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാവുന്ന വികസനാനുമതിയുടെയും ജിയോടെക്നിക്കൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നിർമ്മാണയോഗ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :10/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, പനമരം, ഗ്രാമപഞ്ചായത്ത്, വയനാട്

പകർപ്പ്:-

1. ശ്രീ. എ.കെ.അബ്ദുൾഷുക്കൂർ, എളമ്പിലാട്ട് കോമത്ത് ഹൗസ്, മാതമംഗലം, തളിപ്പറമ്പ്
2. ടൗൺ പ്ലാനർ, വയനാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr18012020